**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 2364**

**15.07.2011 ൽ മറുപടിയ്ക്ക്**

**കൊല്ലമ്പുഴ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി.സത്യൻ | | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | ആറ്റിങ്ങൽ മണ്ഡലത്തിൽ ഉൾപ്പെട്ട കൊല്ലമ്പുഴ കേന്ദ്രീകരിച്ച്, കോയിക്കൽ കൊട്ടാരവും കൂടി ബന്ധിപ്പിക്കുന്ന കൊല്ലമ്പുഴ ടൂറിസം പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ ; | (എ) | പദ്ധതി പുരോഗമിച്ചു വരുന്നു. ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ ബോട്ട് റേസ് വ്യൂവിംഗ് പവലിയൻ, നടപ്പാത എന്നിവയുടെ പണി 80% പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ വരുന്ന ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, ടോയിലറ്റ് ബ്ലോക്ക് എന്നിവയുടെ ടെൻഡർ നടപടിയായി വരുന്നു. |
| (ബി) | നിർവ്വഹണ ഏജൻസി ഏതാണ്; നിർമ്മാണപ്രവർത്തനങ്ങൾ എന്തെല്ലാമാണ്; പദ്ധതി ചുരുക്കി വ്യക്തമാക്കുമോ ; | (ബി) | സിഡ്കോ; കേന്ദ്ര സർക്കാരിന്റെ ബാക്ക് വാട്ടർ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ സാമ്പത്തിക സഹായത്തോടെ നടപ്പാക്കുന്ന കഠിനം കുളം ബാക്ക് വാട്ടർ ടൂറിസം പദ്ധതിയുടെ ഭാഗമായിട്ടാണ് കൊല്ലമ്പുഴയിലും ടൂറിസം പദ്ധതി നടപ്പാക്കുന്നത്. കായിക്കര, വക്കം, പെരുമാതുറ, പുളിമൂട്ടുകടവ്, മുരുക്കുംപുഴ, കഠിനം കുളം എന്നീ പ്രദേശങ്ങൾ പദ്ധതിയുടെ ഭാഗമാണ്. ആറ്റിങ്ങലാണ് പദ്ധതിയുടെ പ്രവേശന കവാടം ആയി നിശ്ചയിച്ചിരിക്കുന്നത്. കുട്ടികളുടെ കളിസ്ഥലം, ലാന്റ് സ്കേപ്പിംഗ്, പൗരാണിക കെട്ടിടങ്ങളുടെ നവീകരണം, ബോട്ട് ജെട്ടി, ബോട്ട് റേസ് പവലിയൻ, ടോയിലറ്റ് ബ്ലോക്കുകൾ, റെസ്റ്റോറന്റ്, നടപ്പാത എന്നിവയൊക്കെ പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിരിക്കുന്നു. |
| (സി) | ഇതിനകം എത്ര രൂപ ഇതിനായി ചെലവഴിച്ചുകഴിഞ്ഞു; എത്ര തുകയുടെ അടങ്കലാണ് പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ പ്രവൃത്തികൾക്കെന്ന് വിശദമാക്കുമോ ? | (സി) | 243.79 ലക്ഷം രൂപയാണ് പദ്ധതിയുടെ അടങ്കൽ. ഇതിൽ 58,50,000/ രൂപ (അൻപത്തിയെട്ടുലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ചെലവഴിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ